# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നഗര-ഗ്രാമ ആസൂത്രണ മാസ്റ്റർ പ്ലാനുകൾ

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : *138    30.9.16-ൽ മറുപടി പറയേണ്ടത്

| | ചോദ്യം<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>,, പി.കെ. ശശി<br>,, ഡി.കെ. മുരളി<br>,, എം. സ്വരാജ് | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നഗര-ഗ്രാമ ആസൂത്രണ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതെങ്ങനെയാണെന്ന് വിശദമാക്കാമോ; | (എ) | 2016-ൽ നിലവിൽ വന്ന കേരള നഗര ഗ്രാമാസൂത്രണ നിയമപ്രകാരം മാസ്റ്റർ പ്ലാൻ ഒരു പങ്കാളിത്ത പ്രക്രിയയിലൂടെ തയ്യാറാക്കേണ്ടതും അത് തദ്ദേശാസൂത്രണ പ്രദേശത്തിന്റെയോ അതിന്റെ ഭാഗത്തിന്റെയോ വികസനം ഏത് രീതിയിലാണ് നിർവ്വഹിക്കേണ്ടതെന്നും ഭൂമിയുടെ ഉപയോഗം ഏതു രീതിയിലാണ് നിയന്ത്രിക്കേണ്ടത് എന്നും സാമാന്യമായി സൂചിപ്പിക്കേണ്ടതാണെന്നും അനുശാസിക്കുന്നു. 74-)ം ഭരണഘടന ഭേദഗതി, കേരളാ മുനിസിപ്പാലിറ്റി ആക്ട്, 1994 എന്നിവ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്കാണ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്വം ഇതിനായുള്ള സാങ്കേതിക സഹായം നഗരസഭകൾക്കും തദ്ദേശ സ്ഥാപനങ്ങൾക്കും നൽകുന്നത് നഗരാസൂത്രണ വകുപ്പാണ്. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഓരോ നഗരത്തിനും/പട്ടണത്തിനുംനഗരസഭ |

| | | | |
|---|---|---|---|
| | | | ചെയർപേഴ്സൺ, സെക്രട്ടറി, എഞ്ചിനീയറിംഗ് വിംഗിന്റെ തലവൻ, ഓരോ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രതിനിധി, ജില്ലാ ടൗൺ പ്ലാനർ, റിസോഴ്സ് പേഴ്സൺ എന്നിവർ അംഗങ്ങളായുള്ള Spatial Integration Committee (SIC) രൂപീകരിക്കുന്നു. കൂടാതെ ജില്ലാ നഗരാസൂത്രണ കാര്യാലയത്തിൽ Deputy Town Planner/Assistant Town Planner, മറ്റ് സാങ്കേതിക ജീവനക്കാർ എന്നിവരടങ്ങുന്ന പ്ലാനിംഗ് ടീമിനെ രൂപീകരിക്കുന്നു. ചീഫ് ടൗൺ പ്ലാനറുടെ മേൽനോട്ടത്തിലും മാർഗ്ഗനിർ ദ്ദേശങ്ങളിലും നിലവിലെ മറ്റ് ആക്ടുകൾ, കോഡുകൾ, കൈപ്പുസ്തകങ്ങൾ മുതലായവയെ അടിസ്ഥാനമാക്കിയാണ് മാസ്റ്റർ പ്ലാനിന് സാങ്കേതിക അടിത്തറ നല്കുന്നത്. വിവിധ ഘട്ടങ്ങളിൽ നഗര/പട്ടണത്തിന്റെ വിവിധതലങ്ങളിൽ നടത്തുന്ന ശില്പശാലകൾ, ചർച്ചകൾ, വിവരശേഖരണങ്ങൾ എന്നിവയിലൂടെയും പൊതുജനങ്ങളുടേയും ജനപ്രതിനിധികളുടെയും അഭിപ്രായങ്ങളേയും നിർദ്ദേശങ്ങളേയും അടിസ്ഥാനമാക്കിയുമാണ് മാസ്റ്റർ പ്ലാനിന് രൂപം നൽകുന്നത്. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് പ്രധാനപ്പെട്ട നാല് ഘട്ടങ്ങളാണുള്ളത്.<br>1) വിവരശേഖരണവും |

| | | | |
|---|---|---|---|
| | | | <u>ഏകോപനവും:</u><br>ഇതിൽ പ്രാഥമിക വിവരശേഖരണവും ദ്വിതീയ വിവരശേഖരണവും ഉൾപ്പെടുന്നു. ഇതിൽ പ്രാഥമിക വിവരശേഖരണത്തിൽ ഭൂവിനിയോഗ സർവ്വേ, സാമൂഹിക സാമ്പത്തിക സർവ്വേ, ട്രാഫിക് സർവ്വേ എന്നിവ ഉൾ പ്പെടുന്നു. ഇത് നഗര ഗ്രാമാസൂത്രണ വകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ടോ, നഗരസഭ തിരഞ്ഞെടുക്കുന്ന സർവ്വെയർ ട്രയിനീസിന് നഗരഗ്രാമാസൂത്രണ വകുപ്പ് പരിശീലനം നൽകി അവരെക്കൊണ്ട് നടത്തിക്കുകയോ, പൂർണ്ണമായും ഔട്ട്സോഴ്സ് ചെയ്തു കൊണ്ടോ നടത്താവുന്നതാണ്. പ്രാഥമിക വിവരശേഖരണം ജില്ലാ ടൗൺപ്ലാനർമാരുടെ ഉത്തരവാദിത്വത്തിലാണ് നടത്തുന്നത്. ഓരോ സെക്ടറുകൾ സംബന്ധിച്ചുള്ള ദ്വിതീയ വിവരശേഖരണവും വർക്കിംഗ് ഗ്രൂപ്പുകൾ മുഖേന SIC ആണ് നടത്തുന്നത്.<br>2) <u>വിശകലനം:</u><br>ഇതിൽ പ്രാദേശിക വിശകലനം, സ്ഥലപര വിശകലനം എന്നിവ ഉൾപ്പെടുന്നു. ഓരോ സെക്ടറുകളിലെയും വികസന സാധ്യതകൾ, ബുദ്ധിമുട്ടുകൾ, |

| | | | |
|---|---|---|---|
| | | | ജനങ്ങളുടെ പ്രതീക്ഷകൾ എന്നിവ പ്രാദേശിക വിശകലനത്തിലൂടെ കണ്ടെത്തുന്നു. ഇതിന്റെ ഉത്തരവാദിത്തം SIC ക്കാണ്. ഇതിനായി വികസന സെമിനാറുകളും സംഘടിപ്പിക്കുന്നു. ജില്ലാ ടൗൺപ്ലാനറുടെ ഉത്തരവാദിത്തത്തിലാണ് സ്ഥലപര വിശകലനം നടത്തുന്നത്. മാസ്റ്റർപ്ലാൻ ഏരിയയിലെ ജനസംഖ്യാ പഠനം, പ്രവർത്തന ശൃംഖലകളുടെ പഠനം, ഭൂവിനിയോഗം, പശ്ചാത്തല സൗകര്യങ്ങൾ മുതലായവയുടെ പഠനം എന്നിവ ഇതിൽ ഉൾപ്പെടുന്നു.<br>3). <u>വികസന സങ്കൽപ്പ രൂപീകരണം:</u><br>പഠനങ്ങളുടേയും വിശകലനങ്ങളുടേയും അടിസ്ഥാനത്തിൽ അടുത്ത 15-20 വർഷത്തേക്കുള്ള നഗരവികസന സങ്കൽപ്പ രൂപീകരണം, ഇതിനായുള്ള **Goals, Objectives, Development concept, Policies, Strategies** എന്നിവ രൂപീകരിക്കുന്നു.<br>4) <u>ഡീറ്റേയ്‌ലിംഗ്</u><br>ഒരോ സെക്ടറിലെയും ഭാവി |

| | | | |
|---|---|---|---|
| | | | ആവശ്യങ്ങൾ കണക്കാക്കുകയും വികസന നിർദ്ദേശങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നു. Proposed land use Plan, മേഖലാ നിയന്ത്രണങ്ങൾ എന്നിവയും തയ്യാറാക്കുന്നു. SIC, നഗരാസൂത്രണ വകുപ്പ് എന്നിവർ ചേർന്നാണ് ഈ പ്രക്രിയ നടത്തുന്നത്. മേൽപ്പറഞ്ഞ രീതിയിൽ തയ്യാറാക്കുന്ന കരട് മാസ്റ്റർ പ്ലാനിന്, കൗൺസിൽ അംഗീകാരം ലഭിക്കുന്നതിനെ തുടർന്ന്, കേരള നഗര-ഗ്രാമാസൂത്രണ നിയമം അനുശാസിക്കുന്ന രീതിയിൽ മുഖ്യനഗരാസൂത്രകന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകാരം നൽകി വരുന്നു. |
| (ബി) | ഏതൊക്കെ നഗരങ്ങളുടെ ആസൂത്രണ മാസ്റ്റർപ്ലാനുകളാണ് ഇതിനകം തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് നിലവിൽ 20 അംഗീകൃത മാസ്റ്റർ പ്ലാനുകളും 14 പ്രസിദ്ധീകൃത മാസ്റ്റർ പ്ലാനുകളും നിലവിലുണ്ട്. ആയത് അനുബന്ധം 1 ആയി ചേർക്കുന്നു. സംസ്ഥാനത്തെ എല്ലാ നഗരസഭ പ്രദേശങ്ങളിലും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുക എന്ന ലക്ഷ്യമിട്ടു കൊണ്ട് മൂന്നു ഘട്ടത്തിലായി (2009, 2012,2015) മാസ്റ്റർ |

| | | | |
|---|---|---|---|
| | | | പ്ലാനുകൾ തയ്യാറാക്കിവരുന്നു. നിലവിലുള്ള അംഗീകൃത/ പ്രസിദ്ധീകൃത മാസ്റ്റർ പ്ലാനുകളുടെ പുതുക്കലും **(Revision)** ഇതിൽ ഉൾപ്പെടും. ഇത് സംബന്ധിച്ച വിവരം അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | ജനങ്ങളുടെ അഭിപ്രായങ്ങൾ കണക്കിലെടുക്കാതെയും, ആശങ്കകൾ ദൂരീകരിക്കാതെയും ഏകപക്ഷീയമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത് ജനകീയ പ്രതിഷേധത്തിനു കാരണമാകാറുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന ഘട്ടത്തിൽ ജനങ്ങളുടെ വികസന കാഴ്ച്ചപ്പാടുകൾ മനസ്സിലാക്കുന്നതിന് വികസന സെമിനാറുകൾ, ചർച്ചകൾ മുതലായവ സംഘടിപ്പിക്കാറുണ്ട്. കൂടാതെ തയ്യാറാക്കലിന്റെ ഏതു ഘട്ടത്തിലും ഇതു സംബന്ധിച്ച അഭിപ്രായങ്ങൾ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും നൽകാവുന്നതാണ്. ഈ വികസന നിർദ്ദേശങ്ങൾ കണക്കിലെടുത്താണ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത്. സാമൂഹിക -സാമ്പത്തിക സർവ്വേകളിൽ കൂടിയും ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കാറുണ്ട്. ജനപ്രതിനിധികൾ അടങ്ങിയ കൗൺസിൽ ചർച്ച ചെയ്താണ് കരട് മാസ്റ്റർപ്ലാൻ അംഗീകരിക്കുന്നത്. കൂടാതെ ഇപ്രകാരം തയ്യാറാക്കുന്ന കരട് മാസ്റ്റർപ്ലാൻ ജനങ്ങളുടെ |

| | | | |
|---|---|---|---|
| | | | അഭിപ്രായങ്ങളും ആക്ഷേപങ്ങളും കൂടി പരിഗണിച്ചാണ് അന്തിമമാക്കുന്നത്. പ്രസിദ്ധീകരണ കാലയളവിൽ ജനങ്ങളെ കേൾക്കാനുള്ള (Hearing) അവസരം രേഖാമൂലം ആവശ്യപ്പെടാവുന്നതും ഇപ്രകാരം ലഭിച്ച എല്ലാ അഭിപ്രായങ്ങളും ആക്ഷേപങ്ങളും ഇതിനായി രൂപീകരിച്ച സ്പെഷ്യൽ കമ്മിറ്റി കേട്ട ശേഷം റിപ്പോർട്ട് തയ്യാറാക്കി കൗൺസിലിന് നൽകുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം കരട് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് മുമ്പും തയ്യാറാക്കിയ ശേഷവും അന്തിമ അംഗീകാരം നൽകുന്നതിന് മുമ്പും ജനപങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്. |
| (ഡി) | മുൻ സർക്കാർ തയ്യാറാക്കി അംഗീകരിച്ച തിരുവനന്തപുരം മാസ്റ്റർ പ്ലാനിനെതിരെയുള്ള വ്യാപക പ്രതിഷേധം കണക്കിലെടുത്ത് അതു പിൻവലിക്കുമോ? | (ഡി) | 2013 - ൽ തയ്യാറാക്കിയ തിരുവനന്തപുരം മാസ്റ്റർ പ്ലാൻ, സർക്കാർ അംഗീകരിച്ചിട്ടില്ല. ജനങ്ങളുടെ അഭിപ്രായങ്ങളും ആക്ഷേപങ്ങളും ക്ഷണിച്ചു കൊണ്ട് തിരുവനന്തപുരം കോർപ്പറേഷൻ തിരുവനന്തപുരം മാസ്റ്റർ പ്ലാനിന്റെ കരട് 2013-ൽ പ്രസിദ്ധീകരിച്ചിരുന്നു. പ്രസിദ്ധീകരണ കാലയളവിൽ ലഭിയ്ക്കുന്ന ആക്ഷേപങ്ങളുടെയും അഭിപ്രായങ്ങളുടെയും |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ മാത്രമേ കരട് മാസ്റ്റർ പ്ലാൻ ഭേദഗതി ചെയ്യുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**(എ) സംസ്ഥാനത്ത് നിലവിലുള്ള അംഗീകൃത മാസ്റ്റർ പ്ലാനുകൾ :**

1. തിരുവനന്തപുരം
2. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഏരിയ
3. കോവളം വിഴിഞ്ഞം ഏരിയ
4. നെയ്യാറ്റിൻകര
5. കൊല്ലം
6. പരവൂർ
7. കോട്ടയം
8. കോട്ടയം മെഡിക്കൽ കോളേജ്
9. ചങ്ങനാശ്ശേരി
10. വൈക്കം
11. വെള്ളൂർ – മുളക്കുളം ഏരിയ
12. ഇടുക്കി ടൗൺഷിപ്പ്
13. സ്ട്രക്ചർ പ്ലാൻ, കൊച്ചി
14. തൃശ്ശൂർ
15. ഗുരുവായൂർ ടൗൺഷിപ്പ്
16. പാലക്കാട്
17. മലപ്പുറം
18. കോഴിക്കോട്
19. വടകര
20. തലശ്ശേരി

**(ബി) നിലവിലുള്ള പ്രസിദ്ധീകൃത മാസ്റ്റർ പ്ലാനുകൾ**

1. തിരുവനന്തപുരം
2. കൊല്ലം
3. അടൂർ
4. പത്തനംതിട്ട
5. ആലപ്പുഴ
6. കായംകുളം
7. പാല
8. പെരുമ്പാവൂർ
9. നോർത്ത് പറവൂർ
10. മൂവാറ്റുപുഴ
11. തൃശ്ശൂർ
12. ഗുരുവായൂർ
13. കണ്ണൂർ
14. കാസർഗോഡ്

അനുബന്ധം – 2

## SCHEME OF PREPARATION OF MASTER PLANS

**MASTER PLANS IN PHASE I - Status as on 31st August 2016**

| Stage of Master Plans | | Name of Towns | |
|---|---|---|---|
| 1 | Master Plans Sanctioned : 5 Plans | 1 | Paravoor |
| | | 2 | Changanassery |
| | | 3 | Vaikom |
| | | 4 | Thalassery |
| | | 5 | Malappuram |
| 2 | Master Plans Forwarded to Government for Sanctioning: 3 Plans | 6 | Pathanamthitta |
| | | 7 | Trissur |
| | | 8 | Adoor |
| 3 | Master Plans Published : 9 Plans | 9 | Pala |
| | | 10 | Kollam |
| | | 11 | North Paravoor |
| | | 12 | Muvattupuzha |
| | | 13 | Kalpetta |
| | | 14 | Kasaragod |
| | | 15 | Thiruvananthapuram |
| | | 16 | Guruvayoor |
| | | 17 | Kannur |
| 4 | Master Plans for which approval obtained from Government for Publication: 4 Plans | 18 | Kothamangalam |
| | | 19 | Palakkad |
| | | 20 | Vadakara |
| | | 21 | Kozhikode |
| 5 | Master Plans submitted to Government for approval for publication : 5 Plans | 22 | Kayamkulam |
| | | 23 | Perumbavoor |
| | | 24 | Alappuzha |
| | | 25 | Aluva |
| | | 26 | Kottayam |
| 6 | Master Plans approved by Chief Town Planner (Planning) and forwarded to Municipality/JPC : 4 Plans | 27 | Angamaly |
| | | 28 | Thiruvalla |
| | | 29 | Kochi |
| | | 30 | Thodupuzha |
| 7 | Master Plans prepared and under finalisation in consultation with Municipality : 2 Plans | 31 | Neyyattinkara |
| | | 32 | Idukki - Vazhathoppu |

MASTER PLANS IN PHASE II– Status as on 31st August 2016

| Stage of Master Plans | | Name of Towns | |
|---|---|---|---|
| 1 | Master Plans Published: 1 Plan | 1 | Karunagapally |
| 2 | Master Plans for which approval obtained from Government for publication : 1 Plan | 2 | Perinthalmanna |
| 3 | Master Plans submitted to Government for approval for Publication: 2 Plan | 3 | Mattannur |
| | | 4 | Punalur |
| 4 | Master Plans approved by Chief Town Planner (Planning) and forwarded to Municipality / JPC : 6 Plans | 5 | Sulthan Bathery |
| | | 6 | Shornur |
| | | 7 | Kunnamkulam |
| | | 8 | Kodungalloor |
| | | 9 | Cherthala |
| | | 10 | Ottappalam |
| | | 11 | Kottakkal |
| | | 12 | Kanhangad |
| 5 | Master Plans Prepared and under finalisation in consultation with Municipality: 9 Plans | 13 | Nedumangad |
| | | 14 | Irinjalakuda |
| | | 15 | Ponnani |
| | | 16 | Tirur |
| | | 17 | Chalakkudy |
| | | 18 | Koyilandi |
| | | 19 | Chittur – Thathamangalam |
| 6 | Master Plans under preparation | 20 | Chavakkad |
| | | 21 | Payyanur |
| | | 22 | Thaliparamba |
| | | 23 | Koothuparamba |
| | | 24 | Pandalam |
| | | 25 | Attingal |
| | | 26 | Nilambur |
| | | 27 | Mavelikkara |
| | | 28 | Nileshwaram |
| | | 29 | Chengannur |
| | | 30 | Manjeri |
| | | 31 | Varkala |

**Other Master Plans**

1. **Master Plan for Kovalam Vizhinjam Area - Draft Plan Prepared**
2. **Master Plan for Thiruvananthapuram Medical College Area - Sanctioned**

## MASTER PLANS IN PHASE III – Status as on 31st August 2016

### PRIORITY I TOWNS

| Sl. No: | Stage of Master Plan | Sl. No: | Towns |
|---|---|---|---|
| 1 | Work commenced/ Traffic & Transportation study awarded to NATPAC: **10** Towns | 1 | Kottarakkara |
| | | 2 | Wadakkanchery |
| | | 3 | Guruvayoor |
| | | 4 | Piravom |
| | | 5 | Koothattukulam |
| | | 6 | Kattappana |
| | | 7 | Harippad |
| | | 8 | Erattupetta |
| | | 9 | Mananthavady |
| | | 10 | Pattambi |
| | | 11 | Kannur Corp: |
| 2 | Work commenced/Traffic & Transportation study by District Offices: **3** Towns | 12 | Tanur |
| | | 13 | Parappanangadi |
| | | 14 | Mukkom |

### PRIORITY II&III TOWNS

| Sl. No: | Stage of Preparation of Master Plan | Sl. No: | Towns |
|---|---|---|---|
| 1 | Work commenced: **2** Towns | 1 | Payyoli |
| | | 2 | Anthoor |
| 2 | Work to be commenced: **10** Towns | 3 | Kondotty |
| | | 4 | Valanchery |
| | | 5 | Iritty |
| | | 6 | Panur |
| | | 7 | Koduvally |
| | | 8 | Mannarkkad |
| | | 9 | Cherpulassery |
| | | 10 | Ettumanoor |
| | | 11 | Thirurangadi |
| | | 12 | Sreekandapuram |